"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം-01,

നമ്പർ:ഇ2/11045/2015

തീയതി:14.03.2016.

## <u>സർക്കുലർ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2015-16 - പ്ലാൻ ഫണ്ട് ചെലവഴിക്കുന്നത് - സംബന്ധിച്ച്.

**********

2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് പൂർണ്ണമായും ചെലവഴിക്കേണ്ടതിനാൽ **<u>24.03.2016, 25.03.2016, 27.03.2016 എന്നീ അവധി ദിവസങ്ങളിൽ പർച്ചേസുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർ, ട്രേഡ് ഇൻസ്ട്രക്ടർ, സ്റ്റോറിലെ ഉദ്യോഗസ്ഥർ എന്നിവർ നിർബന്ധമായും</u>** ഓഫീസിൽ ഹാജരാകേണ്ടതും തൃപ്തികരമായി വിതരണം നടത്തുന്ന സാധനസാമഗ്രികളുടെ തുക സമയബന്ധിതമായി മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ജോലി നോക്കുന്ന ഉദ്യോഗ സ്ഥർക്ക് പകരം ടി ദിവസത്തേക്ക് കോമ്പൻസേഷൻ ലീവ് എടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. വകുപ്പിന് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുവാൻ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സഹകരണം വളരെ അത്യന്താപേക്ഷിതമാണ്. ആയതിനാൽ മേൽപറഞ്ഞ അവധി ദിവസ ങ്ങളിൽ പർച്ചേസ് വിഭാഗം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ജോലിക്ക് ഹാജരായി പ്ലാൻ ഫണ്ട് പൂർണ്ണമായും ചെലവഴിക്കുവാൻ വകുപ്പി നോട് സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. തൃപ്തികരമായി വിതരണം നടത്തിയിട്ടും നടപ്പു സാമ്പത്തിക വർഷത്തിൽ മാറി നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കും എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

To

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.

<u>പകർപ്പ്:-</u>

CA to ADT/CA to JDT/ADO/ DD(P)/ AO I/ SS(B)/SS (I)/ /JS (E)

ഡയറക്ടറേറ്റിലെ പ്ലാനിംഗ് സെക്ഷൻ, അക്കൗണ്ട്സ് സെക്ഷൻ, പർച്ചേസ് സെക്ഷൻ എന്നിവിടങ്ങളിലെ എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും ടി ദിവസങ്ങളിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.

ആർ.ഇ.15.3.16